**ഭരണഭാഷ-മാതൃഭാഷ**

## കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

**പിൻ കോഡ്- 691001**

**GSTIN:32AAALK1455B1ZR**

**ഫോൺ നമ്പർ : 0474-2746193**

**https://kollamcorporation.gov.in, secretarykollam@gmail.com**

നമ്പർ: 1517080-2024 തീയതി : 04-09-2024

# താൽപ്പര്യപത്രം ക്ഷണിക്കുന്നു

കുരീപ്പുഴയിലെ നിലവിലുള്ള ഷെഡ് മോഡൽ ആർ ആർ എഫ് ആക്കി മാറ്റുന്നതിനുള്ള ഡിസൈൻ, നിർമ്മാണം, യന്ത്രസാമഗ്രികൾ സ്ഥാപിക്കൽ, പ്രവർത്തനം, പരിപാലനം, കൈമാറ്റം (Design Build Operate and Transfer) (DBOT) പദ്ധതി.

കൊല്ലം കോർപ്പറേഷൻ താഴെ പറയുന്ന പദ്ധതിക്കായി യോഗ്യരായ കരാറുകാരിൽ നിന്ന് താൽപ്പര്യപത്രങ്ങൾ (EOI) ക്ഷണിക്കുന്നു:

1. പദ്ധതിയുടെ പേര് : കുരീപ്പുഴയിലെ നിലവിലുള്ള ഷെഡ് ആർ ആർ എഫ് ആക്കി മാറ്റുന്നതിനുള്ള DBOT പദ്ധതി
2. സ്ഥലം : കുരീപ്പുഴ വെസ്റ്റ് (വാർഡ് 6), കൊല്ലം
3. പദ്ധതി വിവരണം :

നിലവിലുള്ള ഷെഡ്ഡിന്റെ പുനരുദ്ധാരണം, നവീകരണം, അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പടെ ആധുനിക രീതിയിലുള്ള സെമി ഓട്ടോമാറ്റിക് മോഡൽ

RRF നിർമ്മാണം

ടി ആർ ആർ എഫ് ന്റെ പ്രവർത്തനവും പരിപാലനവും. യന്ത്രസാമഗ്രികൾ സ്ഥാപിക്കൽ, പ്രവർത്തനം, പരിപാലനം, തൊഴിലാളികൾ, മാലിന്യം കയറ്റി കൊണ്ടുപോകുന്നതിനുള്ള വാഹനങ്ങൾ തുടങ്ങി പ്ലാന്റ് പ്രവർത്തനത്തിന്റെ പൂർണ ഉത്തരവാദിത്വം സ്ഥാപനത്തിന് ആയിരിക്കും.

കാലാവധി കഴിയുമ്പോൾ അജൈവ മാലിന്യ സംസ്കരണത്തിൽ സമ്പൂർണ്ണത കൈവരിച്ചു കൊണ്ട് RRF സ്ഥാപിച്ച യന്ത്രസാമഗ്രികളോടെ കൊല്ലം കോർപ്പറേഷന് തിരികെ കൈമാറ്റം ചെയ്യൽ

4. കരാർ കാലാവധി : 10 വർഷം

**യോഗ്യതാ മാനദണ്ഡങ്ങൾ :**

Design Build Operate Transfer (DBOT) പദ്ധതികൾ ചെയ്യാൻ ശുചിത്വ മിഷന്റെ അംഗീകാരമുള്ള സ്ഥാപനം ആയിരിക്കണം.

കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തിയതിൽ 3 വർഷത്തെ പ്രവർത്തി പരിചയം

നിലവിൽ കുറഞ്ഞത് 5` തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പങ്കാളിയായിട്ടുള്ള സ്ഥാപനം ആയിരിക്കണം.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള മെറ്റീരിയൽ സെഗ്രിഗേഷൻ പ്ലാന്റ് സ്വന്തമായി ഉള്ള സ്ഥാപനം ആയിരിക്കണം.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ Consent to establish തുടങ്ങി എല്ലാ അനുമതികളും സ്ഥാപനം നേരിട്ട് നേടിയെടുക്കേണ്ടതാണ്.

G.O.(Rt)No.1673/2021/LSGD അനുശാസിക്കുന്ന പ്രകാരം ശേഖരിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതാണ്.

മാലിന്യം നീക്കം ചെയ്യുന്നതിന് സ്വന്തമായി കുറഞ്ഞത് 5 വാഹനങ്ങൾ വിന്യസിപ്പിക്കാൻ കഴിയുന്ന സ്ഥാപനം ആയിരിക്കണം. തേർഡ് പാർട്ടിക്ക്

മാലിന്യം കൈമാറാതെ സ്വന്തം നിലയ്ക്ക് സിമന്റ് ഫാക്ടറികൾക്ക് കൈമാറേണ്ടതാണ്.

അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ പൂർണമായും GPS സംവിധാനം ഉള്ളതും ട്രാക്ക് ചെയ്യാൻ സാധിക്കുന്നതുമാകണം.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പൂർണമായി മോണിറ്റർ ചെയ്യുന്നതിന് മൊബൈൽ ആപ്പ്, വെബ് പോർട്ടൽ, ഡാഷ്ബോർഡ് എന്നിവ നിലവിൽ വിജയകരമായി ഉപയോഗിച്ച് വരുന്ന സ്ഥാപനം ആയിരിക്കണം.

Joint Venture (JV) അനുവദിക്കുന്നതല്ല

കഴിഞ്ഞ 3 വർഷത്തെ ശരാശരി വാർഷിക വിറ്റുവരവ്: കുറഞ്ഞത് 5 കോടി രൂപ

കമ്പനി ആസ്തി : കുറഞ്ഞത് 15 കോടി

കഴിഞ്ഞ 3 വർഷത്തിൽ ലാഭകരമായ പ്രവർത്തനം

സമാനമായ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിലും പ്രവർത്തിപ്പിക്കുന്നതിലും കുറഞ്ഞത് 3 വർഷത്തെ പരിചയം.

ആവശ്യമായ സാങ്കേതിക ജീവനക്കാരുടെ ലഭ്യത

കമ്പനി രജിസ്ട്രേഷൻ: ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത കമ്പനി ആയിരിക്കണം

GST രജിസ്ട്രേഷൻ

ആവശ്യമായ എല്ലാ ട്രേഡ് ലൈസൻസുകളും ഉണ്ടായിരിക്കണം

കുറഞ്ഞത് 50 ജീവനക്കാരുള്ള സ്ഥിരം ജീവനക്കാരുടെ ടീം

പദ്ധതി നടത്തിപ്പിനായി പ്രോജക്ട് മാനേജർമാരെ നിയമിക്കാനുള്ള കഴിവ്

കഴിഞ്ഞ 3 വർഷത്തിനുള്ളിൽ കോർപ്പറേറ്റ് കമ്പനികൾക്കോ സർക്കാർ സ്ഥാപനങ്ങൾക്കോ എതിരെ യാതൊരു നിയമ നടപടികളും ഇല്ലാതിരിക്കുക. ബ്ലാക്ക്‌ലിസ്റ്റിൽ പെട്ട സ്ഥാപനങ്ങളെ പരിഗണിക്കുന്നതല്ല.

കുരീപ്പുഴയിലെ നിലവിലുള്ള ഷെഡ്ഡിന്റെ DBOT പദ്ധതിക്കു പുറമേ കോർപ്പറേഷന്റെ മാലിന്യ സംസ്കരണ പരിപാടികളിലും, ഹരിത കർമ്മ സേനയുടെ വാതിൽപ്പടി ശേഖരണ പ്രവർത്തനങ്ങളിലും, സ്വച്ഛ സർവേക്ഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും സ്ഥാപനത്തിന് സൌജന്യമായി ചെയ്ത് തരാൻ സാധിക്കുന്ന അധിക സഹായങ്ങൾ ഉണ്ടെങ്കിൽ

അവ വ്യക്തമാക്കേണ്ടതും, അത്തരം സേവനങ്ങൾ മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടത്തിയതിന്റെ രേഖകൾ/ഫോട്ടോസ് എന്നിവ ഹാജരാക്കേണ്ടതുമാണ്.

കൊല്ലം കോർപ്പറേഷനിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തന മാതൃക ഭരണ സമിതിക്ക് മുൻപാകെ അവതരിപ്പിക്കേണ്ടതാണ്.

മികച്ച പ്രവർത്തന മാതൃകയും, മാലിന്യം നീക്കം ചെയ്യുന്നതിന് കുറഞ്ഞ നിരക്കും രേഖപ്പെടുത്തുന്ന സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

ഡിസൈൻ, നിർമ്മാണം, പ്രവർത്തനം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും, സജ്ജീകരണങ്ങളും സ്ഥാപനം സ്വയം വഹിക്കേണ്ടതാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കോർപ്പറേഷനിൽ നിന്ന് യാതൊരു സാമ്പത്തിക സഹായവും ഉണ്ടായിരിക്കുന്നതല്ല.

**സമർപ്പിക്കേണ്ട രേഖകൾ :**

1. കമ്പനി പ്രൊഫൈൽ

2. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

3. പാൻ കാർഡ്

4. GST രജിസ്ട്രേഷൻ

5. കഴിഞ്ഞ 3 വർഷത്തെ ഓഡിറ്റ് ചെയ്ത ധനകാര്യ പത്രിക

6.സമാനമായ DBOT പദ്ധതികളുടെ പട്ടിക, പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ സഹിതം

7.കയറ്റി കൊണ്ട് പോകുന്ന അജൈവ മാലിന്യം സിമന്റ് ഫാക്ടറികൾക്കാണ് കൈമാറ്റം ചെയ്യുന്നതെങ്കിൽ ആയതിന്റെ മുൻ വർഷത്തെ കരാർ, കോ-പ്രോസസ്സിങ് സർട്ടിഫിക്കറ്റ്, നിലവിലെ സാമ്പത്തിക വർഷത്തിൽ സിമന്റ് ഫാക്ടറിയുമായുള്ള കരാർ.

8. കൈമാറിയ മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചത്തിന്റെ രേഖകൾ.

9. പ്രാഥമിക പദ്ധതി നിർദ്ദേശം :

യന്ത്രസാമഗ്രികളുടെ വിശദാംശങ്ങൾ

പ്രവർത്തന, പരിപാലന പദ്ധതി

കൈമാറ്റ നടപടിക്രമങ്ങൾ

ISO, OHSAS സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ

കമ്പനിയുടെ ഓർഗനൈസേഷൻ ചാർട്ട്

പ്രധാന ജീവനക്കാരുടെ ബയോഡാറ്റ

ഇതുമായി ബന്ധപ്പെട്ട പ്രീ ബിഡ് മീറ്റിങ് 11/09/2024 നു കൊല്ലം കോർപ്പറേഷൻ ക്ലീൻ സിറ്റി മാനേജറുടെ അധ്യക്ഷതയിൽ നടത്തുന്നതാണ്. താൽപ്പര്യമുള്ള കക്ഷികൾ തങ്ങളുടെ താല്പര്യ പത്രം 16/09/2024 നു മുമ്പായി താഴെ പറയുന്ന വിലാസത്തിലും, ഇമെയിൽ മുഖാന്തരവും സമർപ്പിക്കേണ്ടതാണ്.

സെക്രട്ടറി

കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

കർബല

കൊല്ലം, 691001

ഇമെയിൽ: secretarykollam@gmail.com

കൂടുതൽ വിവരങ്ങൾക്ക് കോർപ്പറേഷൻ ആരോഗ്യ വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്.

ലഭിക്കുന്ന താൽപ്പര്യപത്രങ്ങൾ (EOI) സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം കൊല്ലം കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്. കോർപ്പറേഷന്റെ തീരുമാനം അന്തിമമായിരിക്കും, അതിനെതിരെ യാതൊരു അപ്പീലും സ്വീകരിക്കുന്നതല്ല.

04/09/2024

PRAMODE. A.S
CLEAN CITY MANAGER
Pen : G51745
KOLLAM MUNICIPAL CORPORATION
9495070282